# LITTLE KITES

# ചുവടുകൾ



## ബിടിഎം എച്ച് എസ് എസ് തുറയൂർ

## 2018-19

# ഉള്ളടക്കം

പ്രളയം ബാക്കിവച്ചത്..................................................3
വഴിതെറ്റിയ അക്ഷരക്കൂട്ടങ്ങൾ......................................4

പ്രളയം........................................................................5

ചോദ്യം........................................................................7
ഒറ്റക്കായ വീടുകൾ.......................................................9

സൂചകസംഖ്യകൾ/അകലം.............................................10
ചരിവ്..........................................................................11

വർഷത്തിന്റെ രൗദ്ര ഭാവങ്ങൾ......................................19

..................................................................................21
ഞാനിന്നും ഏകാന്തതയിൽ...........................................23
ഹൃദയശൂന്യർ.............................................................25

## സമർപ്പണം

ആകാലത്തിൽ ഞങ്ങളെ വിട്ടുപോയ
ജിഷ്ണുവിനും,പ്രളയത്തിൽ പൊലിഞ്ഞ്പോയ
ആയിരങ്ങൾക്കുമായി ഇത് സമർപ്പിക്കുന്നു.

## ആമുഖം

ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ ഞങ്ങളുടെ കുട്ടികളുടെ ഒരു കൊച്ചു സ്വപ്നം സഫലമാവുകയാണ്.ഇതിനു അവസരം തന്ന കൈറ്റ്സിനും ,ലിറ്റിൽ കൈറ്റ്സിനും ഒരായിരം നന്ദി................

**ഹസിത.കെ** **HM BTMHSS THURAYUR**
**വിജിലേഷ്.എ** **KITE MASTER**
**അപർണ്ണ മനോഹർ** **KITE MISTRESS**

# പ്രളയം ബാക്കിവച്ചത്

പ്രകൃതിതൻ മടിത്തട്ടിലിരുന്നാണ്
നാം ആദ്യാക്ഷരംകുറിച്ചത്
മഴപാടിയ പാട്ടുകേട്ടാണ്
നാം ഉറങ്ങിയത്
കാറ്റിന്റെ ഇളംസൗരഭ്യമാണ്
നമ്മെ പാഠങ്ങൾ പഠിപ്പിച്ചുതന്നത്
പ്രകൃതിചിലപ്പോൾ അമ്മയാവുന്നു
ചിപ്പോൾഅദ്ധ്യാപികയും
മറ്റുചിലപ്പോൾദൈവമായും
പ്രത്യക്ഷപ്പെടുന്നു
എന്നിട്ടും....! നാം
മനസ്സിന്റെ ഉള്ളറയിലുള്ള ഇറ്റ്
നൻമ്മയെയും ചുട്ടെരിച്ച്
ഭൂമിതൻ മടിതട്ട് മണ്ണിട്ട് മൂടുകയും
പ്രകൃതിയുടെ മൂല്യങ്ങളെ
വേദനിപ്പിക്കുകയും ചെയ്തു
പ്രകൃതിയുടെകണ്ണുംനിരിന്
ആരുംതന്നെവിലവെച്ചില്ല
പ്രകൃതിയുടെ ദെയനീയ ഭാവത്തെ ആരും
തിരിഞ്ഞുനോക്കുകയു ചെയ്തില്ല
കരയുന്ന ഭൂമിയോടുനാം കൂടുതൽ
ക്രൂരതകൾ കാട്ടി
അപ്പോഴൊക്കെ ആരും തന്നെ
മനസ്സിലാക്കിയിരുന്നില്ല;പ്രകൃതിയുടെ

ദേഷ്യവും പകയും ഒരു ദിനം
നമുക്ക ചുറ്റും താണ്ഡവമാടുമെന്നുള്ള
ഭീകരമാ കാര്യം

പ്രകൃതിയും തിരുച്ചുചോദിക്കും

എന്നുള്ള സത്യം ഇന്നു നാം

മനസ്സിലാക്കിയിരിക്കയാണ്

എവിടെയും ദു:ഖത്തിന്റെയും

നഷ്ടത്തിന്റെയും കണ്ണുനീർ തുള്ളികൾ

ഭൂമിയുടെ എല്ലാ കോണും

കളിൽ നിന്നും അലമുറയിടെയും

സങ്കടത്തിന്റെയും ശബ്ദങ്ങൾ

ആവർത്തിച്ചാവർത്തിച്ചുകേൾക്കുന്നു

പ്രകൃതിയുടെ ദേഷ്യവും പകയും

ചൊരിഞ്ഞിരിക്കയാണ്

ചലനമില്ലാതെറ്റ് കിടക്കുന്നഓരോ
മനുഷ്യ ശരീരവും പേടിപെടുത്തുന്നു
പ്രകൃതിയോട് ചെയ്ത ക്രൂരതയ്ക്ക്
പകരമായ് ഒരുപാട് ജീവൻ
അവൾ കോണ്ട് പോയി

ഗ്രഹനാഥൻ മാരില്ലാതെ ഓരോ

വീടും മൂഗതയിൽ ആഴ്ന്നിരിക്കയാണ്

സമനില തെറ്റി ഞെട്ടിതരിച്ചിരിക്കുന്ന

ഓരോമനസ്സും നൊമ്പരപെടുത്തുന്നു

ഇത്രയും ദയനീയമായ കാര്യങ്ങൾ

എന്തിനാണു പ്രകൃതി നീ വാക്കിവച്ചത്

പഠിച്ചിരിക്കയാണ് ഞങ്ങൾ ഒരു വലിയ പാഠം
പഠിപ്പിച്ചിരിക്കയാണ് നീ

# വഴിതെറ്റിയ അക്ഷരക്കൂട്ടങ്ങൾ

എഴുതാൻ മറന്ന ഗുളിക
കട്ട പിടിച്ച മഷിയെ നോക്കി
കൊഞ്ഞനം കുത്തുന്നു
കുടിച്ചു തീർത്ത
മഷിത്തുള്ളികളോരോന്നായ്
എഴുതി തീർക്കാൻ
വെമ്പിയ ഗുളിക
ഇന്ന്
തുറിച്ചു നോക്കുന്ന
അക്ഷരങ്ങളെ ഭയപ്പെട്ട്
തല തല്ലിചാവുന്നു
പുതിയ ഗുളികയാകട്ടെ,
അപരിചിതത്വം
കൊണ്ടിണങ്ങാൻ മടിക്കുന്നു
അക്ഷരങ്ങളൊന്നും
വഴങ്ങാത്ത അവയ്ക്ക്
അലക്കിത്തേച്ച കുപ്പായകീശയിലിരുന്ന്
ചിരിക്കാനാണിഷ്ടം
കൂടെ പുത്തൻനോട്ടുകളുണ്ടെങ്കിൽ
അഹങ്കാരത്തിന്റെ വേലിയേറ്റം

നിർത്താതെ
ചുമച്ചും മൂക്കു ചീറ്റിയും
പഴയവ വഴി മാറുന്നു
താൻ ചെയ്യേണ്ടിരുന്ന
കർമ്മങ്ങളൊക്കെയും

വിരലുകൾ ഏറ്റെടുത്തിട്ടുണ്ടെന്ന
തിരിച്ചറിവാണ്
വഴി മാറാനവയെ
പ്രേരിപ്പിക്കുന്നത്

"**നജ്മുന്നിസ**"
[മലയാള വിഭാഗം]
ബി.ടി.എം.എച്ച്.എസ്.എസ് തുറയൂർ



# പ്രളയം

ഭൂമിതൻ മക്കളാം ജീവജാലങ്ങളിൽ
പ്രവീണ്യമുള്ള മനുഷ്യരിന്നൊക്കെയും
മക്കൾ മനുഷ്യർ തൻ ക്രൂരതയിൽ
അമ്മയാം ഭൂമിതൻ ഹൃദയംതകർന്നിടുന്നു
ഭൂമിതൻ ശ്രേഷ്ഠ ഗുണങ്ങൾ ഉത്ഭവിക്കും
നദികൾ മണ്ണുകൾ മാമലകൾ
മനുഷ്യർ തൻ പ്രവൃതതിയാൽ മലിനമാക്കി

ഭൂമിതൻ ശ്രേഷ്ഠ ഗുണങ്ങൾ
ക്രൂരതതൻ സീമകൾ ലംഘിച്ച മാനവർ
അമ്മതൻ ഹൃദയം അടർത്തെടുത്തും
അമ്മതൻ വേദന കടിച്ചമർത്തി
ഭൂമിയോ മാപ്പ് നൽകുനവനു
വേദനയാം ആഴക്കടലിൽ മുങ്ങിതാഴുന്നു
ഭൂമിയെ കണ്ട് പൊട്ടിച്ചിരിക്കുന്നു

അഗ്നിഗോളങ്ങൾ പോലെ ജ്വലിച്ചു നിന്നു
കോപമാം ചുഴലിയിൽ അകപ്പെട്ടോരാ
ഭൂമി തുടങ്ങി വിറകൊള്ളുവാൻ
മാനവർ ജാതിതൻ ധിക്കാരം
തീർക്കുവാൻ ഭൂമിയൊ താണ്ഡവമാടി

ആ താണ്ഡവം കണ്ട ഇരുലോകവും
ഭയചകിതരായി വിറകൊണ്ടിടുന്നു
ആ താണ്ഡവം കണ്ട് മാനവജാതിയാകെ
അൽപസമയം ഭയപ്പെട്ടു
എന്നിട്ടും മാനവജാതി, തൻ ക്രൂരതയിൽ
മുന്നേറുന്ന ഈ ഒരു സംഭവം
പിന്നെ ഒരു കൊടുംകാററായി മാറി തുടങ്ങി
ആനന്ദ കണ്ണീരു പോൽ ഉമഴ പീന്നീട്
ചുടു കണ്ണീരായി

ആ ചുടുകണ്ണുനീർ ത്തുള്ളികൾ പിന്നെ
ഒത്തു കൂടി ഒരു സാഗരമായി
ആ സാഗരം രൂപ കൽപന നൽകി
ഭീഗരമായൊരു പ്രളയത്തെ......

# ഒരു വീടിന്റെ കഥ

'ഇനി..ഇനി കരയില്ല അമ്മേ....മാപ്പ്....മാപ്പ്" കോപം കൊണ്ട് തക്കാളി പോലെ ചുവന്ന അമ്മയുടെ മുഖത്ത് നോക്കി അവൻ ദയനീയമായി ഗദ്ഗദമൊതിക്കി കൊണ്ട് പറഞ്ഞു അമ്മയുടെ കോപം ലേശൊമൊന്നടങ്ങിയതിപോലെ കാണപ്പെട്ടു

അമ്മ ഒന്നുംപറയാതെ അടുക്കളവാതിക്കലേക്ക് തിരിഞ്ഞു.

"പത്മിനി...എടീ...പത്മിനീ എന്ത് നിൽപായിത്

ഒന്നിങ്ങുവന്നേ...."അയൽകാരിയായ ശാന്ത വേലികരികിലേക്ക് അമ്മയെ

മാടിവിളിക്കുന്നത് രഘു കണ്ടു."എന്തിനായിരിക്കരും തനിക്ക് വല്ലതും

തരാനാകുമോ...?അല്ല മറ്റെന്തെങ്കിലുമാകും. ശാന്തചേച്ചി ഇത്രയും വിനയത്തോടെ

വിളിച്ചിട്ടും അമ്മയിതെവിടെ...?"രഘു മെല്ലെ അടുക്കളവാതിലിന്റെ

അടുത്തേക്ക് പാളിനോക്കി "ഹാവൂ......അമ്മ പോയിരിക്കുകയാണ്

...എന്തിനാകും ശാന്തചേച്ചി വിളിച്ചിട്ടുണ്ടാവുക വല്ല ആഹാരമോ

പലഹാരമോ ആയിരിക്കുമോ...? അല്ല തനിക്ക് വിശന്നതോണ്ടു

തോന്നുകയായിരിക്കും.വല്ലപ്പോവുമൊക്കെ ശാന്തചേച്ചി വിളിക്കുമ്പോൾ ഭക്ഷണം അമ്മയുടെ അടുത്ത് നൽകാറുണ്ട് ചോറോ കറികളോ ഒന്നുമില്ലെങ്കിൽ അവരുടെ മകൾ കൊണ്ടു വന്ന ഹൽവയോ പഴങ്ങളോ

ആയിരിക്കും.അല്ലേ വേണ്ട....താനിപ്പം എന്തിനാ

അതുംആലോചിച്ചിരിക്കുന്നേ.....

ഇനി അമ്മയെ ദേഷ്യം പിടിപ്പിക്കരുത്. വിശന്നു കരയണ്ട അമ്മയുടെ അടുത്ത് ഭക്ഷണം ഇല്ലാഞ്ഞിട്ടല്ലേ.....അരിയിട്ടുതിളപ്പിച്ച വെള്ളം കണ്ടിട്ടു തന്നെ ദിവസം രണ്ടായി.എന്നിട്ടും അമ്മക്ക്കിട്ടുന്നതെന്തും അമ്മ ആകെപ്പാടെ വിഴുങ്ങാതെ എനിക്കു തരുന്നുണ്ടല്ലോ അതുമതി....എന്നാലും...ഈ വിശപ്പടങ്ങാനെന്താണ് വഴി..."

കൈയ്യിലെന്തോ പൊതിയുമായി അമ്മ കയറിവന്നു.

"മോനേ....രഘൂ..."

അമ്മയുടെ വിളിയിൽ അവൻ അലിഞ്ഞുപോയി.എന്തൊരു സ്നേഹമുള്ള അമ്മ.അവൻ അടുക്കള വരാന്തയിലേക്ക് ഓടി ചെന്നു.

"എന്താണമ്മേ....."

"നിന്റെ നിലവിളിയും കരച്ചിലും ശാന്തചേച്ചി കേട്ടുവെന്നുതോന്നുന്നു.നിനക്ക് രണ്ട് ചപ്പാത്തിയും ചമ്മന്തിയും തന്നിട്ടുണ്ട്."ചെറുചിരിയോടെ അമ്മ പറഞ്ഞു.അവന് സന്തോഷം കൊണ്ട് നിലത്ത് നിൽക്കാനായില്ല

"വാ..... നമുക്ക് കഴിക്കാം....നീ കൈകഴുകി ചപ്പാത്തിയുമെടുത്ത് ഇവിടെ ഇരി,ചമ്മന്തിയും എടുത്തോ...."

"അപ്പോ അമ്മയോ...."രഘുവിന്റെ ശങ്കകണ്ട് അമ്മ പറഞ്ഞു;"ഞാൻ പിന്നെ കഴിച്ചോളാം നീ തിന്നുകഴിഞ്ഞ് ആ വാസൂന്റെ പീടിക വരെ പോണം..."അമ്മ അർദ്ധോക്തിയിൽ നിരുത്തി....

"പീടികഴിൽ പോയിട്ട് എന്താണ് വാങ്ങേണ്ടതമ്മേ..."

രഘുവിനാവേശമായി."അല്ല....വാസുവിന് ഞാൻ കുറച്ച് പണം കടമായിട്ടുണ്ട്

.എന്റെ പറ്റ് ബുക്ക് നിറഞ്ഞിരുന്നു എന്ന് അവൻ പറഞ്ഞിരുന്നു.ഞാനത് മറന്നു പോയി......ഇനിപ്പം എന്തുചെയ്യും...?"

അമ്മയുടെ മുഖത്ത് ദൈന്യത നിലച്ചിരുന്നു.അവൻ ഒന്നും പറയാതെ കിണറിനടുത്തേക്ക് നടന്നു.അവനറിയാം അമ്മയുടെ അടുത്ത് പൈസ ഇല്ലാന്ന്. "ഇനീപ്പം ഇന്ന് വീടിന്റെ വാടകക്കാരൻ കൂടി വന്നാൽ എല്ലാം പൂർണ്ണമായി.ഈ മാസത്തെ വാടകകൂടി കൊടുത്തില്ലേൽ കെട്ടും കെട്ടി ഇറങ്ങേണ്ടിവരും...."രഘുവിന്റെ മനസ്സ് നീറി കൊണ്ടിരുന്നു."അമ്മ മറന്നു പോയിരിക്കുമോ വാടക്കാകൻ

ഇന്നു വരുമെന്ന്....?വേണ്ട ഇനി അമ്മയെ ഓർമ്മപ്പെടുത്തേണ്ട അയാളിന്ന് വന്നില്ലേൽ ഇന്ന് അമ്മ വാടകപൈസയോർത്ത് വിഷമിക്കും...."

"രഘൂ....നീ ഇതുവരെ  കൈകഴുകിയില്ലേ....."അമ്മയുടെ വിളി ഊഞ്ഞാലാടുന്ന ചിന്തകളിൽ നിന്നും അവനെ ഉണർത്തി .അവൻ പെട്ടെന്ന്

വെള്ളം കോരി കൈകഴുകി വന്നു.

"ദാ....ആ പലകയിലിരി....."

അവൻ ചപ്പാത്തിയും ചമ്മന്തിയുമെടുത്ത്

പലകയ്ക്കുമുകളിലിരുന്നു.വെള്ളം ഗ്ലാ

ഗ്ലാസിലാക്കി അമ്മ അവിടെ എടുത്ത് വെച്ചിരുന്നു.

അവൻ ചപ്പാത്തി ഒരുകഷ്ണമെടുത്ത് ചമ്മന്തിയും കൂട്ടി വായിലിട്ടു.നല്ല ചപ്പാത്തി . അവൻ മനസ്സിൽ പറഞ്ഞു . പുറത്ത് ഒരു ഓട്ടോറിക്ഷവന്ന ശബ്ദം അവൻ ചപ്പാത്തിഅവിടെയിട്ട് എഴുന്നേറ്റു.

"അമ്മേ........"

അവന്റെ വിളി എത്തും മുമ്പേ അമ്മ അവിടെ എത്തിയിരുന്നു. ഓട്ടോയിൽ നിന്ന് ഒരു വലിയ കട്ടി മീശയുള്ള വെള്ള ഷർട്ടും മുണ്ടും ധരിച്ച വട്ടകണ്ണടവച്ച് ഒരു മധ്യവയസ്കൻ  ഇറങ്ങി വന്നു.അമ്മയുടെ പിറകിൽ സ്ഥാനം പിടിച്ച രഘു താഴ്ന്ന ശബ്ദത്തിൽ മെല്ലെ ചോദിച്ചു .

"ഇതാരാ......അമ്മേ....?"

അമ്മ ഒന്നും പറയാതെ നിൽക്കുന്നത് കണ്ട രഘു അമ്മയുടെ മുഖത്തേക്ക് പാളി നോക്കി...അവൻ സ്തംബിധനായി പോയി...

അമ്മയുടെ കണ്ണിൽ നിന്നും കണ്ണുനീരിന്റെ ഒരു വൻ പ്രവാഹം തന്നെ രഘു കണ്ടു.അവൻ അമ്മയുടെ മുമ്പിലേക്ക് വന്ന അദ്ദേഹത്തെ നോക്കി......അവന് ഒന്നും മനസ്സിലായില്ല....

"കുമാരേ....ട്ടാ...."

അമ്മയുടെ വായിൽനിന്ന് ആ വാക്കുകൾ ഉതിർന്നു വീണപ്പോൾ രഘു ശരിക്കും ഞെട്ടി.........

"പത്മിനീ......"

അയാൾ അമ്മയെ കെട്ടിപ്പിടിച്ചുകരഞ്ഞു........അമ്മയും കുറേ കരഞ്ഞു..ഈ സമയം രഘു താൻ ഇതുവരെ കണ്ടിട്ടില്ലാത്ത അച്ഛനെ നോക്കി നിൽക്കുകയായിരുന്നു.അപ്പൊ ഇതാണ് കിഴക്കേവീട്ടിൽ വിജയക്ഷ്മിയുടെയും

സത്യൻ മാഷുടേയും മകൻ കുമാരൻ....സത്യകുമാരൻ......അല്ല അതൊക്കെ പോട്ടെ എന്റെ അച്ഛൻ ഇതുവരെ എവിടെയായിരുന്നു. അമ്മ കരച്ചിൽ നിർത്തി.രഘു അച്ഛനെ തന്നെ ഉറ്റുനോക്കുന്നത് കണ്ട് അമ്മ പറഞ്ഞു.

"മോനേ..നി...ന്റെ...അച്ഛ..ൻ"

രഘു ചെറുതായി പുഞ്ചിരിച്ചു.

അയാൾ രഘുവിനെ തന്നോടു ചേർത്തുപിടിച്ചു. പിന്നെ എടുത്തുയർത്തി

"രഘുമോനേ...."

അച്ഛന്റെ വിളി രഘുവിനെ സന്തോഷിപ്പിച്ചെങ്കിലും ഇതുവരെ കാണാത്ത ഒരാൾ എന്ന നിലയിലാകണം രഘു അപരിചിതത്വം നടിച്ചു.

" രഘു....എന്താ നിനക്ക് സങ്കടം പോലെ . അച്ഛനെ ഇഷ്ടായില്ലേ..."

അമ്മയുടെ സന്തോഷം നിറഞ്ഞ കണ്ണുനീരോടുകൂടിയ ചോദ്യം അവൻ അവഗണിച്ചതുപോലെ.

അവൻ അച്ഛന്റെ കൈകളിൽ നിന്ന് മോചിതനാകാനാഗ്രഹിച്ചു.അവനെ കൂടുതൽ ചേർത്തു പിടിച്ചു കൊണ്ട് അച്ഛൻ അമ്മയോടായി പറഞ്ഞു

"അവൻഞാനുമായപരിചയത്തിലാകുന്നതേയുള്ളൂ...നീ ഇതാ20 രൂപ ആ ഓട്ടോകാരന് നൽകി ആ ഓട്ടോയിലുള്ള കവറുകൾ എടുത്തു വെച്ചേര്.."

അച്ഛൻ അവനെ താഴെവച്ചു അവന്റെ കൈകൾ തന്റെ കൈയോടുചേർത്തുവച്ചു വീടിന്റെ മുമ്പിലുള്ള തുളസിത്തറയിലെ തുളസിച്ചെടിയിൽ നിന്ന് ഒരു തുളസിയില പറിച്ചു വിനയപൂർവ്വം വളരെ ശ്രദ്ധയോടെ കീശയിലിട്ടു . രഘു അച്ഛനെ വീക്ഷിക്കുകയായിരുന്നു.


കവറുകളൊക്കെ വരാന്തയിൽവച്ചശേഷം അമ്മ അച്ഛന്റെ അരികിലേക്ക് വന്നു .

"വീടിന്റെ വാടക കൊടുക്കാറായിരുന്നു....അയാളിന്ന് വരുമെന്ന് പറഞ്ഞു. നിങ്ങൾ പോയ ശേഷം വന്ന രണ്ട് കത്തുകളിലുമുണ്ടായിരുന്ന തുകയൊക്കെ തീർന്നിരുന്നു.പിന്നെ........"

"നീ...വിഷമിക്കേണ്ട ഞാൻ പണം നൽകാം അവൻ വരട്ടെ...." അച്ഛൻ പറഞ്ഞ് നാവെടുത്തതും നിമിഷങ്ങൾകുള്ളിൽ തന്നെ കുടവയറും വലിയ മീശയുമുള്ള വാടകക്കാരൻ ശങ്കരൻ അവിടെ പ്രത്യക്ഷപ്പെട്ടു. രഘു പോലുമറിയാതെ രഘുവിന്റെ വായിൽ നിന്ന് "അയ്യോ "എന്ന സ്വരം പുറത്തേക്ക് വന്നു.

"എന്താ രഘൂ...പേടിച്ചുപോയോ..."

അച്ഛൻ ചിരിച്ചുകൊണ്ട് ചോദിച്ചു.പത്മിനീ..നീ ഇവന് വല്ലതും കൊടുക്ക് ഞാനും ശങ്കരേട്ടനും കൂടി ഒന്ന് സംസാരിച്ചിട്ടു വരാം.



# ചോദ്യം

വിളിക്കാതെവന്നൊരതിഥിതൻ പല്ലിരമ്പലോ
ഇന്നീ ഞരക്കങ്ങൾ

കുത്തിയൊലിച്ചെത്തുന്ന ചീഞ്ഞശവത്തിൽ
ദുർഗന്ധമോ ഇന്നീ തെരുവോരങ്ങളിൽ

പൊട്ടിച്ചിതറിയ പ്രതീക്ഷകൾതൻ കുപ്പിച്ചി-
ല്ലുകളതാ നെഞ്ചിൽ തറയ്ക്കുന്നു

ഉള്ളിലേ നിറമുള്ള സ്വപ്നങ്ങൾ
കണ്ണീർതുള്ളികളായ് വീണടയുന്നു

നിരാശരായ് നിസ്സഹായരായ്
നോക്കിനിൽക്കാൻ മാത്രം വിധി

ഋതുചക്രത്തിൽ നിന്നൽപ്പം
തിരിഞ്ഞുനോക്കി ഞാൻ
അതാ...വിതുമ്പുന്ന മുഖങ്ങളും
കരഞ്ഞുകലങ്ങിയ കണ്ണുകളും
ആർക്കുവേണ്ടിയീ വെട്ടിപ്പിടുത്തങ്ങൾ?
എന്തിനുവേണ്ടിയീ അടിപിടികൾ?
എല്ലാമിപ്പോൾ ശൂന്യം
എന്തിനെന്നറിയില്ല ഏതിനെന്നറിയില്ല
ഹൃദയമാകേ ഒരിരുൾ മൂടൽ
അവസാനമായൊരൊറ്റ ചോദ്യം
എന്തിന് ബാക്കിവെച്ചീ നഷ്ടസ്വപ്നങ്ങൾ?

# ഒറ്റയ്ക്കായ വീടുകൾ

ഒറ്റക്കു നിൽക്കുന്ന
വീടിനെ കണ്ടിട്ടുണ്ടോ?
ഇരുട്ടുംദുരൂഹതയും
വെളിച്ചവും നിഴലുകളും
കൂട്ടിപ്പിണഞ്ഞങ്ങനെ
മൗനം കുടിച്ചുനിൽക്കുന്നത്
ഒച്ചയനക്കങ്ങളുംടെ
ഭൂതകാലത്തിൽ ആറാടി
പകൽക്കിനാവിൽ മുങ്ങിയമർന്ന്
രാക്കിനാക്കളിൽ തട്ടിത്തടഞ്ഞ്
രാക്കിളിപ്പാട്ടിൽ മുങ്ങത്തുടിച്ച്
കരിയിലകളോടൊത്ത്
കിന്നാരം മൊഴിഞ്ഞ്
അവരങ്ങനെ തുടിക്കുന്ന
ഹൃദയത്തോടെ കാത്തിരിക്കും

by
മുഹമ്മദ് സുഹൈൽ
9-c

# സൂചകസംഖ്യകൾ - അകലം

ബിന്ദുക്കൾ രണ്ടെണ്ണം തമ്മിലാ-
അന്തരം കാണുന്നതെങ്കിൽ
വഴികൾ മൂന്നെണ്ണമുണ്ടെന്നതോർക്കണം
ഒന്ന്

X കൾ തുല്യമായാലന്തരം

y കൾ തമ്മിലുള്ള വ്യത്യസമത്രെ
രണ്ട്

y കൾ തുല്യമായാലന്തരം

x കൾ തമ്മിലുള്ള വ്യത്യാസമത്രെ
മൂന്ന്

x കളുംy കളും വ്യത്യാസമെങ്കി-
ലന്തരം കാണാനെടുക്കണം

x വ്യത്യാസം സ്ക്വയർ പ്ലസ്

y വ്യത്യാസം സ്ക്വയറിന്റെ

വർഗ്ഗമൂലമെത്ര....................

# ചരിവ്

അക്ഷരങ്ങൾക്ക് ലംബമല്ലാ വരകൾ
x അക്ഷരമായുണ്ടാക്കുന്ന
കോണിൻ ten വിലയാണ് ചരിവെന്നും
സൂചകസംഖ്യകളെന്നാശയത്തിൻ
y വ്യത്യാസത്തെ
x വ്യത്യാസത്താൽ
ഹരിക്കുന്നത് ചെരിവെന്ന്സാരം

ജ്യാമിതിയും ബീജഗണിതവും

പഠിക്കാം നമുക്കെളുപ്പത്തിൽ
ജ്യാമിതിയും ബീജഗണിതവും
പാഠം ഒമ്പതിൻ സൂത്രങ്ങൾ

സാമാന്തരികത്തിൻ നാലാംമൂല

കണ്ടെത്താം വേഗത്തിൽ...
മൂന്നു മൂലകളുള്ളയൊരാ...
സാമാന്തരികത്തിൽ നാലാം മൂല
എടുക്കണമതിനായിട്ടൊരു ജോടി
എതിർമൂലകൾ
ഒറ്റപ്പെടുത്തണം സാമാന്ത-
രികത്തിൻ ഒരു മൂലയെ
ഒറ്റപ്പെടുത്തിയ മൂലതൻ x
കുറച്ചിടുക്കണം എതിർമൂലതൻ

x തുകകളിൽ നിന്ന്
ഒറ്റപ്പെടുത്തിയ മൂലതെൻ y
കുറച്ചെടുക്കണം എതിർമൂലതെൻ
y തുകകളിൽ നിന്ന്
ഇവയെ ജോടികളാക്കണം
[x,y]രൂപത്തിലെന്നാൽ
കിട്ടും നമുക്കാ സാമാന്തരികത്തിൻ
നാലാം മൂല

## വർഷത്തിന്റെ രൗദ്ര ഭാവങ്ങൾ

മഴ മേഘം ഒരുപോലെ
കളിയാടി ഇവിടെ
ആദ്യമായി തുള്ളികൾ
പിഞ്ചോമനയാം തി കുസൃതിയായി

പിന്നെയെന്തെ ഈ ഒരു ഭാവമാറ്റം
മൂകമായി ശോകമായി പിന്നെയതു
രോഷമായി ഭൂമി ദേവിതൻ രൗദ്ര
ഭാവമായിപരിണമിച്ചു

കൈരളി നീയും വിറങ്ങലിച്ചു
കലിതുള്ളി പെയ്യുന്നകാലത്തിൻ
മുന്നിൽ ഒരു മാത്ര ശങ്കിച്ചു നിന്നു
പോയി പുത്തനും പയഞ്ചനും

വേർതിരില്ലാതെ ഒരുമിച്ച നിന്നു
നിനക്കുവേണ്ടി
ഇരുളുന്നു  രവിപോലും വിടചൊല്ലി
പിന്നെ മഴമേഘങ്ങൾ പോലും

മിഴിനിറച്ച നിനക്ക് വേണ്ടി
വർഷമേ നീയെന്റെ ഹൃദയത്തിൽ
കരയുന്ന കൈകുഞ്ഞിനൊരു
താരാട്ടു പാട്ടോ ഭൂമി മലർ മന്ദഹാസമോ

കോപമായിമാറുന്ന കണ്ണുനീർ തുള്ളിയൊ
ഒരു തുള്ളി ഇരു തുള്ളി പലതുള്ളിയതിൽ
തെന്നിവീഴുമ്പോൾ തോൽക്കുന്നു
നീ കൈരളി...............
അന്നൊരു കിന്നാതുള്ളികളിലൂടെ
പിച്ചവെച്ചുന്നു നാം നടന്നടുത്തു
പിന്നെയോരോ ചാറ്റലിലും
ആണ്ട നൃത്തമായി

വിണ്ണിലും ഭൂമിയും ചുവടുവെച്ച
പ്രകൃതി അന്നു നീ മനോഹരി
അതി മനോഹരി..........
ഇന്നു നീ ചട്ടുലത അനുഭവിക്കുന്ന
പക്ഷി പോലെ........

ഹാദിയ ഹനാന
8-D

# ഞാനിന്നും ഏകാന്തതയിൽ

എന്നെ ഒറ്റക്കാക്കി എലാരും പോയി ഇതിനു മുമ്പ് എത്രയോ നല്ല സന്തോഷ ദിവസങ്ങൾ എനിക്കുണ്ടായിരുന്നു അപ്പൂപ്പനും അമ്മൂമ്മയും ലച്ചുച്ചേച്ചിയും ദേവൂട്ടനും അവരുടെ അച്ഛനും അമ്മയും എലാരും ദിവസങ്ങൾ അതിന്റെ ഓർമ്മകൾ മാത്രം ബാക്കി

ഒരു സന്ധ്യ നേരം ചാരുകസേരയിൽ ഇളം കാറ്റുംകൊണ്ടങ്ങനെ ഇരിക്കുകയാണ് ബേബിച്ചേട്ടൻ എന്റെ അരികിലായിട്ട് പുഴയാണ് വയലും പൂന്തോട്ടങ്ങളും മാവുകളും എലാം നിറഞ്ഞ പ്രകൃതിയോടടുത്ത് ജീവിക്കുന്നവരായിരുന്നു ഇവരും ലച്ചുച്ചേച്ചിയും ദേവൂട്ടനും സ്കൂളിൽ പോയിരിക്ക് യാ അവരിലാതെ എനിക്കൊരുസുഖവും കിട്ടിയിട്ടില അതാ വരുമന്നു രണ്ടുപേരും എനിക്ക് സന്തോഷയി എന്തോ ഒരു നല്ല സന്തോഷത്തിലാണല്ലോ

രണ്ടുപേരും.കഴിഞ്ഞകൊല്ലത്തെ ഈദിവസം ഞാനാലോചിച്ചു....

ഹോ ഇന്ന് ദേവൂട്ടന്റെ 5ാംപിറന്നാൾ ആഘോഷമല്ലേ.എല്ലാരും കൂടിഅവനുവേണ്ടി സപ്രൈസിനുവേണ്ടി

തയ്യാറെടുക്കുന്നകര്യംഞാനറിഞ്ഞില്ല.പിന്നെയാ കണ്ടത് ഹാളിൽ ആളുകളും അലങ്കാരങ്ങളും എല്ലാംകൊണ്ട് നിറഞ്ഞിരിക്കുന്നു അവനിങ്ങ് കയറിയതുംഎല്ലാവരും കൂടി ഹാളിൽ ഒരു പൂരം തന്നെ തീരുന്നു അങ്ങനെ കേയ്ക്കും മിഠായികളും

വിതരണവും എല്ലാം കഴിഞ്ഞ് എല്ലാരും പിരിഞ്ഞ് പോയി . അവനെ ഒരു കോമാളിരൂപത്തിൽ യാക്കി മാറ്റിയിട്ടുണ്ടായിരുന്നു

അവരും . ഹാളിലെ എന്റെ ചുമരുകളിലും എല്ലാവരും കൂടി ഒരു കലവറ തന്നെ തീരുന്നു അങ്ങനെ ദേവൂട്ടന്റെ യും ലച്ചുച്ചേച്ചിയുടെയും ഒരു പാട്ടും ഡാൻസും

ഒക്കെ ക്കഴിഞ്ഞ് എല്ലാരും റൂമിലേക്ക് പോയി . അങ്ങനെ അപ്പൂപ്പൻ ഒരു കഥ പറഞ്ഞു തുടങ്ങി ദേവൂട്ടൻ അത് കേട്ട് ഉറങ്ങുകയും ചെയ്തു ഇവിടെ ഒരു കാര്യണ്ട് എന്നോടാരും മിണ്ടുകയും കളിക്കുകയും ഒന്നല്ല. എന്നാല്ലും എല്ലാവരുടെ സന്തോഷത്തിലും അങ്ങ് പങ്കുചേരുക എന്നല്ലാതെ വേറൊന്നുല്ല

അങ്ങനെ നേരം പലർന്നു. പിന്നെയും ഒച്ചയും തിമിർപ്പും എല്ലാം തുടങ്ങി .ദേവൂട്ടന്റെ കരച്ചിലാണല്ലോ ആ കേൾക്കുന്നത്.....എന്റെ ശ്രദ്ധ അങ്ങോട്ടായി.നോക്കുമ്പോ എന്താന്നറിയോ ഇന്നവന് പുഴക്കടവത്തു നിന്ന് കുളിക്കണോ ന്നൊരേയൊരു വാശി. രാവിലത്തന്നെ ഒരടിയുണ്ടാക്കണ്ടാന്നു കരുതി അപ്പൂപ്പൻ അവനയും ലച്ചുച്ചേച്ചിയെയും കൂട്ടി കുളിക്കാൻ പോയി വീടായ എനിക്ക് അവരുടെ കൂടെ പോവാൻ പറ്റില്ലല്ലോ. അതുകൊണ്ട അവിടെ നടന്നതൊന്നും ഞാനറിഞ്ഞില്ല

പൊട്ടന്നാണ് ആളുകളെല്ലാം പുഴക്കരയിലോട്ട് ഞാൻ കണ്ടത് . എന്നെ ഒറ്റയ്ക്കാക്കി എല്ലാരും അങ്ങോട്ട് പോയി . എന്തായിരിക്കും എന്നറിയാനുള്ള ആക്ഷയോടെ ഞാൻ പൊറുതിമുട്ടി എന്നാൽ ആംബുലൻസും ആളുകളുടെ നിലവിളിയുടെയും എല്ലാം ശബ്ദം മാത്രമേഞാ ൻ കേൾക്കുന്നുള്ളൂ കാര്യം എനിക്ക് ഏതാണ്ട് മനസിലായി.
തിരിച്ച് പോകുന്ന ആളുകളുടെ സംസാരം ഞാൻ കേട്ടു. അപ്പൂപ്പനെ എല്ലാരും കുറ്റം പറയുന്നു.പുഴയുടെ ശക്തിയായ ഒഴുക്കിൽ ദേവൂട്ടൻ പെട്ടുന്നറിഞ്ഞതും ഞാനകപ്പാടെ ഒന്നാടിപ്പോയി എന്റെടുത്തേക്ക് ആരും വരുന്നില്ല . നേരം സന്ധ്യയായി. ഒരാംബുലൻസിന്റെ ഹോണടി ഞാൻ കേട്ടു ആകാംരക്ഷയോടെ നോക്കിനിന്ന് ഞാൻ കണ്ടത് ദേവൂട്ടന്റെ വെള്ളത്തുണിയിൽ പൊതിഞ്ഞ ശരീരമായിരുന്നു . ആർത്തു നിലവിളിക്കുന്ന അവന്റെ അമ്മയും അഛനും ഒരു പ്രതിമപോലെ നൽക്കുന്ന അമ്മൂമ്മയും അപ്പൂപ്പനും . ലച്ചുച്ചേച്ചിയാണെങ്കിലോ ആർക്കും

പിടിച്ചുവെക്കനാവാത്ത വിധത്തിൽ അലമുറിയിടുന്നു .ഇന്നലെ
ഈനേരം സന്തോഷം കൊണ്ട് നിറഞ്ഞു എന്നാൽ ഇന്നാകെ
നിലവിളികളുടെയും  ദുഃഖത്തിന്റെയും ഒരുമരണവീടായി ഞാൻ
മാറി എല്ലാം ഒരു നിമിഷത്തിൽ വന്നു ചേർന്നതു പോലെ ആർക്കും ഒരു
മിണ്ടാട്ടമൊന്നും കാണുന്നില്ല എല്ലാം കഴിഞ്ഞ്
എല്ലാരും പിരിഞ്ഞു .എന്നിട്ടും എന്റെ പരിസരം മൊത്തം ആകെ ഒരു
പുക നിറഞ്ഞഅവസ്ഥയായിരുന്നു.

രണ്ട് ദിവസങ്ങൾക്ക് ശേഷം അപ്പൂപ്പനും അമ്മൂമയും ലച്ചു
ചേച്ചിയും ദേവൂട്ടന്റെ അച്ഛനും അമ്മയും എല്ലാരുംകൂടി എങ്ങോട്ടോ
ആരൊക്കെയോ കൂട്ടി കൊണ്ടുപോയി.ഞാനൊന്നും
അറിയുന്നില്ല.അന്ന്  തൊട്ടിന്നുവരെ അവരെങ്ങോട്ടു പോയിന്ന്
എനിക്കറിയില്ല ഇന്നും അതിലൂടെ ആരെങ്കിലും പോയാൽ
അവരെക്കുറിച്ചെന്തെങ്കിലും വിവരത്തെപ്പറ്റി പറയുന്നുണ്ടോന്നു
ഞാൻ നോക്കും ആകെ മണ്ണും മുറ്റമാകെ കാടും എന്റെ ദേഹമൊക്കെ
പൊടിയും എല്ലാകൂടി നിൽക്കുന്ന എന്നെ ഒരു മനുഷ്യക്കുഞ്ഞ് പോലും
തിരിഞ്ഞ് നോക്കാറില്ല. എന്നെ ആർക്കും
വേണ്ടാതായി. അതോടെ ഞാൻ ഏകാന്തതയിലേക്ക് വഴുതിവീണു.

**മുഹമ്മദ് ആദിൽ**

**9-c**

# ഹൃദയശൂന്യർ

ശുദ്ധ ഹൃദയങ്ങളിൽ കഴുകന്
പതിയിരിക്കലെളുപ്പമാണ്
അങ്ങനെയിരിക്കുന്ന....
കഴുക ദംഷ്ട്രങ്ങൾ
മാംസങ്ങളിലേക്ക്...ആഴ്ന്നിറങ്ങി
രക്തം ഊറ്റിക്കുടിച്ച്
രക്തത്തിൻ കറച്ചുണ്ടിലേന്തി
കുടൽ മാല പുറത്തെടുത്ത്
കഴുത്തിലണിഞ്ഞ്....
ഇളം പുഞ്ചിരിയോടെ
ആർത്തട്ടഹസിക്കും
“ഞാനൊന്നുമറിഞ്ഞില്ലേ..
രാമനാരായണാ”എന്നഭാവത്തിൽ
എന്നിട്ടോ ശുദ്ധഗതി ചമയും

ഒരുചില്ലയിൽ നിന്ന്
മറ്റു ചില്ലകളിലേക്ക്...
ഒരിടത്തിൽ നിന്ന് മറ്റിടത്തിലേക്ക്
ദേശാടനം നടത്തുന്ന...അവരിൽ
ക്രൂരത തളം കെട്ടി നിൽക്കും...
ക്രൂര ദംഷ്ട്രങ്ങൾ,മറ്റുള്ളവരെ
പരിഹസിച്ച്...ചിരിക്കും...

by
**ഫൗസിയ ടീച്ചർ**

